"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- പ്ലാനിംഗ് വിഭാഗം - ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി.പി.ജിജി ഭാസ്കരൻ - പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1969/2022/LSGD തീയതി,തിരുവനന്തപുരം, 12-08-2022

പരാമർശം:-

1. ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി.പി.ജിജി ഭാസ്കരന്റെ 02.04.2022 തീയതിയിലെ ലീവ് അപേക്ഷ
2. മുഖ്യനഗരാസൂത്രകന്റെ 07.05.2022 തീയതിയിലെ .TCPCTP/1972/2021 - A3 നമ്പർ കത്ത്.

## ഉത്തരവ്

തദ്ദേശ സ്വയംഭരണ പ്ലാനിംഗ് വകുപ്പിൽ കണ്ണൂർ ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.പി.ജിജി ഭാസ്കരൻ മൈസൂർ യൂണിവേഴ്സിറ്റിയ്ക്ക് കീഴിലുള്ള School of Planning and Architecture എന്ന സ്ഥാപനത്തിൽ നിന്നും എം.ടെക് ചെയ്യുന്നതിനായി 10.02.2022 മുതൽ 2 വർഷത്തേയ്ക്കും 20 ദിവസത്തേയ്ക്കും പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിയ്ക്കാൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയത് പരാമർശം (2) പ്രകാരം മുഖ്യ നഗരാസൂത്രകൻ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ പ്ലാനിംഗ് വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി.പി.ജിജി ഭാസ്കരന് മൈസൂർ യൂണിവേഴ്സിറ്റിയ്ക്ക് കീഴിലുള്ള School of Planning and Architecture എന്ന സ്ഥാപനത്തിൽ നിന്നും എം.ടെക് ചെയ്യുന്നതിനായി 10.02.2022 മുതൽ 16.02.2024 വരെ, ടി കാലയളവ് ഇൻക്രിമെന്റ്,ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. , ഭാഗം I ,ചട്ടം 88 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
അണ്ടർ സെക്രട്ടറി

പകർപ്പ്

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീമതി.പി.ജിജി ഭാസ്കരൻ , ഡെപ്യൂട്ടി ടൗൺ പ്ലാനർ (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/200/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

**Signed by Sonu Jacob**
**Date: 16-08-2022 11:00:14**
സെക്ഷൻ ഓഫീസർ